**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 755** **08-10-2024 - ൽ മറുപടിയ്ക്ക്**

**സഹകരണ ബാങ്കുകളിൽ നിന്ന് റബ്കോ സ്വീകരിച്ച നിക്ഷേപം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സി. ആർ. മഹേഷ്** | | **ശ്രീ. വി.എൻ വാസവൻ (തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിലെ സഹകരണ ബാങ്കുകളിൽ നിന്ന് റബ്കോ സ്വീകരിച്ചിരിക്കുന്ന വായ്പ എത്രയാണ്; ഈ വായ്പകൾക്ക് റബ്കോ കൃത്യമായി പലിശ നൽകാറുണ്ടോ; | (എ) | കേരളത്തിലെ സഹകരണ ബാങ്കുകളിൽ നിന്ന് റബ്കോ നിലവിൽ സ്വീകരിച്ചിട്ടുള്ള വായ്പ 7 കോടി രൂപയാണ്. സാമ്പത്തിക സ്ഥിതി മെച്ചമല്ലാത്തതിനാൽ കൃത്യമായി പലിശ നൽകാൻ കഴിയാറില്ല. |
| (ബി) | റബ്കോക്ക് നിലവിലുള്ള ബാധ്യത എത്രയാണ്; റബ്കോയുടെ കടബാധ്യത കുറയ്ക്കാൻ സംസ്ഥാന സർക്കാർ എത്രരൂപ നൽകി; റബ്കോ നഷ്ടത്തിലാകാനുള്ള കാരണങ്ങളെക്കുറിച്ച് സഹകരണ വകുപ്പിന് മുമ്പിൽ എന്തെങ്കിലും പഠന റിപ്പോർട്ട് ഉണ്ടോ; | (ബി) | ഓഡിറ്റ് പൂർത്തീകരിച്ച 2022-2023 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് 292.80 കോടി രൂപ (292,80,07,500/-) റബ്കോയ്ക്ക് കടബാധ്യത ഉണ്ട്. പ്രസ്തുത ബാധ്യത കുറയ്ക്കാനായി സർക്കാർ തുകയൊന്നും തന്നെ റബ്കോയ്ക്ക് നൽകിയിട്ടില്ല. റബ്കോയുടെ പുനഃരുദ്ധാരണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോടിനെ സർക്കാർ നിയമിച്ചിട്ടുണ്ട്. നിലവിൽ പഠനം നടത്തി വരികയാണ്. പഠനത്തിന്റെ ഭാഗമായി ഒന്നാംതല റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | റബ്കോയ്ക്ക് ബിസിനസിതര ചിലവുകൾക്ക് തുക അനുവദിക്കുവാൻ അനുമതി നൽകിയത് ആരാണ് ;വിവാദത്തിൽപ്പെട്ട കരുവന്നൂർ ബാങ്കിന് മുതലും പലിശയും ചേർത്ത് റബ്കോ എത്ര രൂപയുടെ നിക്ഷേപം തിരികെ നൽകാനുണ്ട്;വ്യക്തമാക്കാമോ ? | (സി) | റബ്കോയ്ക്ക് ബിസിനസ്സ് ഇതര ചിലവുകൾക്ക് തുക അനുവദിക്കാൻ അനുമതി നൽകിയിട്ടില്ല. 2001 മുതൽ 2004 വരെയുള്ള കാലഘട്ടത്തിൽ കരുവന്നൂർ സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 1.2 കോടി രൂപ സ്ഥിരനിക്ഷേപമായി റബ്കോ കൈപ്പറ്റിയിട്ടുണ്ട്. ഓഡിറ്റ് പൂർത്തീകരിച്ച 2022-2023 സാമ്പത്തിക വർഷത്തെ കണക്കനുസരിച്ച് കരുവന്നൂർ സർവീസ് സഹകരണ ബാങ്കിന് മുതലും പലിശയുമടക്കം 7.57 കോടി രൂപ (7,57,47,837/-രൂപ) റബ്കോ നല്കാൻ ബാക്കിയുണ്ട്. |

സെക്ഷൻ ഓഫീസർ